

# എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ

## ആഗസ്ത് 2016

**ലക്കം: 8/2016**

***എല്ലാ എൻ ആർ ഐ ഇടപാടുകാർക്കും ഞങ്ങളുടെ ആശംസകൾ !***




## *അടിക്കടി ഉയർന്ന ചോദ്യങ്ങൾ*

### എൻ ആർ ഇ അക്കൗണ്ടുകൾ

**ചോദ്യം1: ആർക്കൊക്കെ ഒരു എൻ ആർ ഇ അക്കൗണ്ട് തുറക്കാം ?**

**ഉത്തരം:** റിസർവ്വ് ബാങ്കിന്റെ മുൻകൂർ അനുമതിയില്ലാതെ തന്നെ താഴെപ്പറയുന്ന വ്യക്തികൾക്ക് എൻ ആർ ഇ അക്കൗണ്ട് തുറക്കാവുന്നതാണ്.

- പ്രവാസി ഭാരതീയൻ (അതായത്, സമ്പാദ്യം നേടിത്തരുന്ന ഒരു ജോലിക്കായോ, ബിസിനസ്സ് നടത്താനോ, ഏതെങ്കിലും തൊഴിൽ ചെയ്യാനായോ അല്ലെങ്കിൽ ഒരു അനിശ്ചിതകാലത്തേക്ക് ഭാരതത്തിനു പുറത്ത് താമസിക്കാനുള്ള സാഹചര്യങ്ങൾ സൂചിപ്പിക്കുന്ന മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായോ വിദേശത്തേക്ക് പോയ ഒരു വ്യക്തി)

- ജനനം കൊണ്ട് ഭാരതീയനായ ഒരു വ്യക്തി (പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ)
- ഷിപ്പിംഗ് കമ്പനികളുടേയോ എയർലൈനുകളുടേയൊ ജോലിക്കാരായി വിദേശരാജ്യങ്ങളിലെ തുറമുഖങ്ങളിലോ വിമാനത്താവളങ്ങളിലോ തൊഴിലെടുക്കുന്നവരും വിദേശത്ത് താമസിക്കുന്നവരും ഭാരതീയ പൗരത്വമുള്ളവരോ ജനനം കൊണ്ട് ഭാരതീയരായവരോ ആയ ജീവനക്കാർ
- ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോയവരും വിദേശത്ത് താമസിച്ചുകൊണ്ടിരിക്കുന്നതുമായ വിദ്യാർത്ഥികൾ
- വിദേശരാജ്യങ്ങളിൽ നിയോഗിക്കപ്പെട്ടവരോ നിയമിക്കപ്പെട്ടവരോ വിദേശ സർക്കാറുകളിലോ, സർക്കാർ ഏജൻസികളിലോ, യു എൻ ഒ, മറ്റ് അന്താരാഷ്ട്ര ഏജൻസികളിലോ ജോലി ചെയ്യുന്ന ഇന്ത്യൻ പൗരന്മാർ

**ചോദ്യം 2: ആരാണ് പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ ?**

**ഉത്തരം** : ഏതെങ്കിലും വിദേശ രാജ്യത്തെ ഒരു പൗരൻ (പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ പൗരന്മാർ ഒഴിച്ച്) താഴെപ്പറയുന്ന സാഹചര്യങ്ങളിൽ പേഴസൺ ഓഫ് ഇന്ത്യൻ ഒറിജിൻ ആണ് :

(എ) ആ വ്യക്തിയുടെ പേരിൽ എപ്പോഴെങ്കിലും ഇന്ത്യൻ പാസ്പോർട്ട് ഉണ്ടായിരുന്നു. അല്ലെങ്കിൽ

(ബി) ഒരു വ്യക്തി/അയാളുടെ മാതാപിതാക്കൾ/പിതാമഹന്മാർ ഇന്ത്യൻ ഭരണഘടന പ്രകാരം സിറ്റിസൺഷിപ്പ് ആക്റ്റ് 1955 അനുസരിച്ച് ഭാരതീയ പൗരനായിരുന്നു. അല്ലെങ്കിൽ

(സി) ഒരു വ്യക്തിയുടെ ഭാര്യ/ഭർത്താവ് (പാക്കിസ്ഥൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ പൗരന്മാർ ഒഴിച്ച്) ഭാരതീയ പൗരനോ മേന്നരഞ്ഞ (എ) അഥവാ (ബി)യോ ആണ്.

**ചോദ്യം 3: എൻ ആർ ഇ അക്കൗണ്ട് ഏതെല്ലാം തരത്തിലാണ് ?**

**ഉത്തരം:** സേവിംഗ്സ്, കറന്റ്, കാലാവധി സഹിതമുള്ള നിക്ഷേപങ്ങൾ, റിക്കറിംഗ് നിക്ഷേപം

**ചോദ്യം 4: എൻ ആർ ഇ അക്കൗണ്ടിലെ തുക വിദേശത്തേക്ക് തിരിച്ചു കൊണ്ടുപോകാനാകുമോ?**

**ഉത്തരം:** എൻ ആർ ഇ അക്കൗണ്ടിലെ തുക വിദേശത്തേക്ക് നിർബാധം തിരിച്ചുകൊണ്ടുപോകാവുന്നതാണ്.

**ചോദ്യം 5: ഈ തുകകളിന്മേൽ ഇന്ത്യയിൽ നികുതി ചുമത്തപ്പെടുമോ ?**

**ഉത്തരം:** ഇല്ല. ഇവയ്ക്ക് നികുതി ബാധകമല്ല.

**ചോദ്യം 6: എൻ ആർ ഇ അക്കൗണ്ടുകളിൽ അനുവദനീയമായ ഡെബിറ്റുകൾ ഏതൊക്കെയാണ് ?**

**ഉത്തരം:** എൻ ആർ ഇ അക്കൗണ്ടുകളിൽ താഴെപ്പറയുന്ന ഡെബിറ്റുകൾ അനുവദനീയമാണ്:

- തദ്ദേശീയമായ പേമെന്റുകൾ
- വിദേശത്തേയ്ക്ക് പണമയക്കൽ
- അതേ അക്കൗണ്ട് ഹോൾഡറുടെ മറ്റ് എൻ ആർ ഇ/എഫ് സി എൻ ആർ അക്കൗണ്ടുകളിലേക്ക് പണം മാറ്റൽ
- അക്കൗണ്ട് ഹോൾഡറിൽ നിന്നും ഇതരരായ വ്യക്തികളുടെ എൻ ആർ ഇ അക്കൗണ്ടുകളിലേക്ക് നിബന്ധനകൾക്ക് വിധേയമായി പണം മാറ്റൽ
- ഒരു ഇന്ത്യൻ കമ്പനിയുടെ ഷെയറുകൾ/സെക്യൂരിറ്റികൾ/കമേർസ്യൽ പേപ്പർ തുടങ്ങിയവയിൽ നിക്ഷേപം, ഭാരതത്തിൽ സ്ഥാവരസ്വത്തുക്കൾ വാങ്ങുക.എന്നാൽ അത്തരം നിക്ഷേപങ്ങൾ/വാങ്ങലുകൾ,നിലവിലെ ചട്ടങ്ങൾക്കോ ഭാരതീയ റിസർവ്വ് ബാങ്കിന്റെ പൊതു/വിശേഷ അനുമതിയ്ക്കോ വിധേയമായിരിക്കും.
- ഭാരതീയ റിസർവ്വ് ബാങ്കിന്റെ പൊതു/വിശേഷ അനുമതിയ്ക്ക് വിധേയമായി മറ്റേതെങ്കിലും ഇടപാടുകൾ

**ചോദ്യം 7: എൻ ആർ ഇ അക്കൗണ്ടുകളിൽ അനുവദനീയമായ ക്രെഡിറ്റുകൾ ഏതൊക്കെയാണ് ?**

**ഉത്തരം:** എൻ ആർ ഇ അക്കൗണ്ടുകളിൽ താഴെപ്പറയുന്ന ക്രെഡിറ്റുകൾ അനുവദനീയമാണ്.

- അനുവദനീയമായ ഏതെങ്കിലും കറൻസിയിൽ അക്കൗണ്ടിലേയ്ക്ക് അടക്കുന്ന പണം.
- ബാധകമായ ആദായ നികുതി അടച്ച ശേഷം വാടക, ഡിവിഡന്റ്, പെൻഷൻ, പലിശ എന്നീ ഇനത്തിൽ പ്രവാസി ഭാരതീയന്റെ ഇപ്പോഴത്തെ വരുമാനം.
- അക്കൗണ്ട് ഹോൾഡറുടെ എൻ ആർ ഇ /എഫ് സി എൻ ആർ അക്കൗണ്ടുകളിൽ നിന്ന് മാറ്റിയ പണവും ഈ അക്കൗണ്ടുകളിലെ തുകകളിന്മേൽ വന്നുചേരുന്ന പലിശയും.
- തന്റെ ഭാരതസന്ദർശന വേളകളിൽ നിബന്ധനകൾക്ക് വിധേയമായി എൻ ആർ ഐ അക്കൗണ്ട് ഹോൾഡർ കൊണ്ടുവന്ന വിദേശ കറൻസി നോട്ടുകൾ/ട്രാവലർസ് ചെക്കുകൾ എന്നിവയുടെ തുകകൾ.
- നിബന്ധനകൾക്ക് വിധേയമായി വ്യക്തിഗത ചെക്കുകൾ/ബാങ്ക് ഡ്രാഫ്റ്റുകൾ എന്നിവയുടെ തുകകൾ.
- അക്കൗണ്ട് ഹോൾഡറുടെ എൻ ആർ ഇ /എഫ് സി എൻ ആർ അക്കൗണ്ടിൽ നിന്നുള്ള തുകയോ സാധാരണ ബാങ്കിംഗ് സരണികൾ വഴി ലഭിച്ച തുകയോ ഉപയോഗിച്ച് സെക്യൂരിറ്റികൾ/വാങ്ങിയെങ്കിൽ മാത്രം താഴെപ്പറയുന്ന തുകകൾ അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്:

  ✓ നാഷണൽ പ്ലാൻ/സേവിംഗ്സ് സർട്ടിഫിക്കറ്റ് എന്നിവയടക്കം സർക്കാരിന്റെ സെക□രിറ്റികളുടെ കാലാവധി പൂർത്തിയാകുമ്പോൾ

ലഭിക്കുന്ന തുകയും പലിശയും, കൂടാതെ ഭാരതത്തിലെ ഒരു അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ച് വഴി വിറ്റ മ്യൂച്വൽ ഫണ്ട് യൂണിറ്റുകളുടെ തുകയും ഡിവിഡന്റും.

- ✓ ഫ്ളാറ്റ്/പ്ലോട്ട് എന്നിവ അലോട്ട് ചെയ്യാതെ ഗൃഹനിർമ്മാണ ഏജൻസികൾ പലിശയടക്കം തിരിച്ചു നല്കിയ അപേക്ഷാതുക/നിരതദ്രവ്യം (അതിന്മേൽ ബാധകമായ ആദായ നികുതി അടച്ച ശേഷമുള്ള തുക)

- ഇന്ത്യൻ കമ്പനികളുടെ ഇനീഷ്യൽ പബ്ലിക് ഓഫറിംഗ് വഴി ഷെയറുകളിലോ ഡിബെഞ്ചറുകളിലോ നിക്ഷേപിച്ച തുക/അതിന്റെ ഒരു ഭാഗമായി തിരിച്ചു നൽകിയ തുക. എന്നാൽ അപ്രകാരം നിക്ഷേപിച്ച തുക അക്കൗണ്ട് ഹോൾഡറുടെ എൻ ആർ ഇ/എഫ് സി എൻ ആർ അക്കൗണ്ടിൽ നിന്ന് ഉപയോഗിച്ച തുകയോ സാധാരണ ബാങ്കിംഗ് സരണിയിലൂടെ വിദേശത്തു നിന്നും അയച്ച തുകയോ ആയിരിക്കണം.
- വിദേശത്തു നിന്നും അയച്ച തുക അല്ലെങ്കിൽ എൻ ആർ ഇ/എഫ് സി എൻ ആർ അക്കൗണ്ടിലെ തുക ഉപയോഗിച്ച് നിബന്ധനകൾക്ക് വിധേയമായി വാങ്ങിയ സ്ഥാവരസ്വത്തുക്കൾ വിറ്റു കിട്ടിയ തുക.
- ഭാരതീയ റിസർവ് ബാങ്ക് അനുമതി നൽകിയ പൊതു/നിർദ്ദിഷ്ട അനുമതി പ്രകാരമുള്ള നിക്ഷേപങ്ങൾ.

**ചോദ്യം 13: എൻ ആർ ഇ അക്കൗണ്ടിൽ നാമനിർദ്ദേശം (നോമിനേഷൻ) ചെയ്യാനുള്ള സൗകര്യമുണ്ടോ?**

**ഉത്തരം:** ഉവ്വ്. എൻ ആർ ഇ അക്കൗണ്ടിൽ നോമിനേഷൻ സൗകര്യം ലഭ്യമാണ്.



# ധന നയം

## 201617ലെ മൂന്നാം ദ്വൈമാസിക ധന നയം

## മുഖ്യ വിശദാംശങ്ങൾ

* നടപ്പു സാമ്പത്തിക വർഷത്തിൽ 7.6% വളർച്ചാ പ്രവചനം

* നാണ്യപ്പെരുപ്പം ജനവരി 2017ൽ 5 ശതമാനമായി നിൽക്കുന്നു.

* വളർച്ചയ്ക്ക് ആക്കം കൂട്ടാനായി സാമാന്യം നല്ല മഴയും ഏഴാം ശമ്പളകമ്മീഷനും

* ബിസിനസ്സ്, നിക്ഷേപങ്ങൾ എന്നിവയ്ക്ക് ഉത്തേജനം നൽകിക്കൊണ്ട് ജി എസ് ടി നിലവിൽ വരുന്നു.

* എഫ് സി എൻ ആർ (ബി) തുകകൾ പിൻ വലിക്കുന്നത് മാർക്കറ്റിൽ ധനത്തിന്റെ അളവിനെ ബാധിക്കുകയില്ല.

* പെട്ടെന്നുള്ള റഫറൻസിനായി ആർ ബി ഐയുടെ വെബ്സൈറ്റിൽ കെ വൈ സി മാനദണ്ഡങ്ങളെക്കുറിച്ച് അടിക്കടി ഉയരുന്ന ചോദ്യങ്ങൾ

* 5 ആഗസ്ത് 2016ന്ന് വിദേശ നാണ്യ കരുതൽ നിക്ഷേപം 365.7 ബില്യൺ യു എസ് ഡോളർ

* റിപ്പോ നിരക്ക് മാറ്റമില്ലാതെ 6.50%. റിവേഴ്സ് റിപ്പോ നിരക്ക് 6%

* കരുതൽ ധന അനുപാതം (സി ആർ ആർ) മാറ്റമില്ലാതെ 4 ശതമാനമായി തുടരുന്നു.

* നാലാം ദ്വൈമാസിക ധന നയം 4 ഒക്ടോബർ 2016ന്ന്.




## ഇൻസ്റ്റന്റ് റെമിറ്റ് മണി

- മദ്ധ്യ-പൗരസ്ത്യ രാജ്യങ്ങളിലെ പ്രവാസി ഭാരതീയർക്ക് എക്സ്ചേഞ്ച് കമ്പനികൾ വഴിയായി ഗുണഭോക്താക്കളുടെ കനറാ ബാങ്ക് ശാഖകളിലുള്ള അക്കൗണ്ടുകളിലേക്ക് പണമയക്കാവുന്നതാണ്.
- വർഷത്തിൽ 365 ദിവസവും 24 : 7 ഇൻസ്റ്റന്റ് അക്കൗണ്ട് ക്രെഡിറ്റ് സൗകര്യം.
- പണം തൽസമയം തന്നെ അക്കൗണ്ടിൽ വരവു വെയ്ക്കാനുള്ള സംവിധാനം
- വരവ് ചേരുന്ന തുകയിന്മേൽ യാതൊരു ചാർജ്ജും ഈടാക്കുന്നതല്ല.
- പണമയക്കുന്നയാൾക്കും ലഭിക്കുന്നയാൾക്കും തൽസമയം എസ് എം എസ് വഴി സൂചന.
- ബാങ്കിന്റെ ഇനിപ്പറയുന്ന വെബ്സൈറ്റിൽ കാണുന്ന എക്സ്ചേഞ്ച് ഗൃഹങ്ങളിൽ ഇൻസ്റ്റന്റ് റെമിറ്റ് മണി സൗകര്യം ലഭ്യമാണ് : http://www.canarabank.com/English/scripts/INSTANT%20REMITMONEY-CB.aspx





**ഇന്റർനെറ്റ് ബാങ്കിംഗ്**

# *യൂസർ ഐ ഡി എങ്ങിനെ തുറക്കാം ?*

- ✓ ലോഗ്–ഇൻ പേജിൽ ‘ അൺലോക്ക് യൂസർ ഐ ഡി ’ എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.
- ✓ താഴെ കാണിച്ച പ്രകാരം പ്രത്യക്ഷപ്പെടുന്ന സ്ക്രീനിൽ ബന്ധപ്പെട്ട വിവരങ്ങൾ നൽകുക.

**അൺലോക്ക് യൂസർ ഐ ഡി**

| | |
|---|---|
| **യൂസർ ഐ ഡി:** | |
| **ജനനത്തീയ്യതി :** | (DD/MM/YYYY) |
| **പാസ്പോർട്ട് നമ്പർ :** | |
| **അക്കൗണ്ട് നമ്പർ :** | ( 13 അക്കങ്ങൾ) |

എല്ലാ ഫീൽഡുകളും നിർബന്ധം

- ✓ എല്ലാ വിവരങ്ങളും നൽകിയ ശേഷം ‘സബ്മിറ്റ് ’ ബട്ടൻ അമർത്തുക .
- ✓ ഒ ടി പി നൽകിയ ശേഷം ‘സബ്മിറ്റ് ’ ബട്ടൻ അമർത്തുക .
- ✓ വിജയകരമായി യൂസർ ഐ ഡി തുറന്ന ശേഷം നെറ്റ് ബാങ്കിംഗിൽ പ്രവേശിക്കാനായി ലോഗ് ഇൻ ഐ ഡിയും പാസ്‌വേർഡും നൽകുക.

ജനനത്തീയ്യതി, പാസ്പോർട്ട് വിവരങ്ങൾ, മൊബൈൽ നമ്പർ, ഈ–മെയിൽ ഐ ഡി എന്നിവയിൽ മാറ്റം വരുത്തുന്നതിന് താങ്കളുടെ അക്കൗണ്ട് ഏത് ശാഖയിലാണോ, ആ ശാഖയുമായി ബന്ധപ്പെടുക.

ഇന്റർനെറ്റ് ബാങ്കിംഗ് സംബന്ധമായ അന്വേഷണങ്ങൾക്കായി 1800-425-0018 എന്ന ടോൾ–ഫ്രീ നമ്പറിലോ 080 - 25129441 എന്ന നമ്പറിലോ ബന്ധപ്പെടുകയോ imbhelpdesk@canarabank.com അല്ലെങ്കിൽ hoabcsection@canarabank.com എന്ന മേൽവിലാസത്തിൽ ഈ–മയിൽ അയക്കുകയോ ചെയ്യുക.



- താങ്കളുടെ പണം സുരക്ഷിതമായി താങ്കളുടെ സ്വന്തം ബാങ്കിൽ തന്നെ നിക്ഷേപിക്കാൻ ഉതകുന്ന രീതിയിൽ വളരെ മെച്ചപ്പെട്ട പലിശ നിരക്കുകൾ താഴെ പറയുന്ന പ്രവാസി നിക്ഷേപങ്ങൾ വഴി നല്കുന്നതാണ്.

**എഫ്.സി.എൻ.ആർ. നിക്ഷേപനിരക്കുകൾ (വാർഷിക %)***

(01.08.2016 മുതൽ)

| നിക്ഷേപ കാലാവധി | CURRENCY OF DEPOSITS | | | | |
|---|---|---|---|---|---|
| | USD | GBP | EUR | CAD | AUD |
| 1 വർഷവും അതിനു മുകളിൽ 2 വർഷത്തിന് താഴെ | 1.87 | 1.36 | 0.33 | 1.95 | 2.80 |
| 2 വർഷവും അതിനു മുകളിൽ 3 വർഷത്തിന് താഴെ | 1.94 | 1.49 | 0.31 | 1.97 | 2.76 |
| 3 വർഷവും അതിനു മുകളിൽ 4 വർഷത്തിന് താഴെ | 2.00 | 1.50 | 0.32 | 1.98 | 2.76 |
| 4 വർഷവും അതിനു മുകളിൽ 5 വർഷത്തിന് താഴെ | 2.07 | 1.53 | 0.35 | 1.99 | 2.92 |
| 5 വർഷത്തേക്ക് മാത്രം | 2.13 | 1.57 | 0.40 | 2.02 | 2.95 |

**എൻ.ആർ.ഇ. (NRE) നിക്ഷേപനിരക്കുകൾ * (21.07.2016 മുതൽ)**

| *നിക്ഷേപ കാലാവധി* | *പലിശ നിരക്ക് (വാർഷികം %)* | |
|---|---|---|
| | *ഒരു കോടിക്ക് താഴെ* | *ഒരു കോടിക്ക് താഴെ* |
| 1 വർഷം | 7.25 | 7.00 |
| 1 വർഷത്തിന് മുകളിൽ, 2 വർഷത്തിൽ താഴെ | 7.50 | 7.00 |
| 2 വർഷവും അതിന് മുകളിൽ 3 വർഷത്തിൽ താഴെ | 7.50 | 7.00 |
| 3 വർഷവും അതിന് മുകളിൽ 5 വർഷത്തിൽ താഴെ | 7.50 | 6.75 |
| 5 വർഷവും അതിന് മുകളിൽ 8 വർഷത്തിൽ താഴെ | 7.00 | 6.75 |
| 8 വർഷവും അതിന് മുകളിൽ 10 വർഷം വരെ | 7.00 | 6.75 |
| **444/555 ദിവസം (കാനറാ ശിഖർ) | 7.50 | -- |

## എൻ.ആർ.ഒ. (NRO) സ്ഥിര നിക്ഷേപങ്ങൾ* (21.07.2016 മുതൽ)

| നിക്ഷേപ കാലാവധി | പലിശ നിരക്ക് (വാർഷികം %) | |
|---|---|---|
| | ഒരു കോടിക്കു താഴെ | ഒരു കോടിക്കു താഴെ |
| 7 മുതൽ 14 ദിവസം വരെ # | 5.25 | 5.25 |
| 15 മുതൽ 30 ദിവസം വരെ | 5.25 | 5.25 |
| 31 മുതൽ 45 ദിവസം വരെ | 5.50 | 5.50 |
| 46 മുതൽ 60 ദിവസം വരെ | 6.50 | 6.50 |
| 61 മുതൽ 90 ദിവസം വരെ | 6.50 | 6.50 |
| 91 മുതൽ 120 ദിവസം വരെ | 6.50 | 6.50 |
| 121 മുതൽ 179 ദിവസം വരെ | 6.50 | 6.50 |
| 180 മുതൽ 269 ദിവസം വരെ | 7.00 | 6.50 |
| 270 ദിവസം മുതൽ 1 വർഷത്തിൽ താഴെ | 7.25 | 6.50 |
| 1 വർഷത്തേയ്ക്ക് മാത്രം | 7.25 | 7.00 |
| 1 വർഷത്തിന് മുകളിൽ, 2 വർഷത്തിൽ താഴെ | 7.50 | 7.00 |
| 2 വർഷവും അതിനു മുകളിൽ, 3 വർഷത്തിൽ താഴെ | 7.50 | 7.00 |
| 3 വർഷവും അതിനു മുകളിൽ, 5 വർഷത്തിൽ താഴെ | 7.50 | 6.75 |
| 5 വർഷവും അതിനു മുകളിൽ 8 വർഷത്തിൽ താഴെ | 7.00 | 6.75 |
| 8 വർഷവും അതിനു മുകളിൽ 10 വർഷം വരെ | 7.00 | 6.75 |
| **444/555 ദിവസം (കാനറാ ശിഖർ) | 7.50 | -- |

# നിരക്കുകൾ അഞ്ച് ലക്ഷത്തിന് മുകളിലുള്ള ഒറ്റ നിക്ഷേപങ്ങൾക്ക് മാത്രം ബാധകം.

* മേൽ പറഞ്ഞ നിരക്കുകളിൽ മാറ്റം വരാവുന്നതാണ്. നിരക്കുകൾ ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് ലിങ്ക്: http://www.canarabank.com/English/Scripts/DepositAccounts.aspx

**കാനറാ ബാങ്ക് യാതൊരു വിവരവും ഈ-മെയിൽ വഴി അന്വേഷിക്കാറില്ല. പരിചയമില്ലാത്ത ഈ-മെയിൽ കാണുന്ന ഒരു ലിങ്കും ക്ലിക്ക് ചെയ്യാതിരിക്കുക. അവയിൽ അപകടകരമായ കോഡുകളോ ഫിഷ് ചെയ്യാനുള്ള ശ്രമങ്ങളും ഉണ്ടാകാം.**

**ഈ-മെയിൽ വഴിയോ, ഫോൺ വഴിയോ, മറ്റേതെങ്കിലും വഴിയോ ബാങ്ക് താങ്കളുടെ അക്കൗണ്ടിനെ സംബന്ധിച്ച ഒരു വിവരവും ചോദിക്കാറില്ല എന്നു മനസ്സിലാക്കുക.**



## EXCHANGE RATES FOR MAJOR CURRENCIES:

| *കറൻസി* | വിനിമയ നിരക്ക് (ഇന്ത്യൻ രൂപ യിൽ) |
|---|---|
| യു.എസ്.ഡോളർ | **66.99** |
| ബ്രിട്ടീഷ് പൗണ്ട് | **88.27** |
| യൂറോ | **74.04** |
| കനേഡിയൻ ഡോളർ | **50.92** |
| ഓസ്ട്രേലിയൻ ഡോളർ | **50.37** |
| ബഹറിൻ ദിനാർ | **176.87** |
| യു.എ.ഇ.ദിർഹം | **18.16** |
| സൗദി റിയാൽ | **17.77** |
| ഒമാൻ റിയാൽ | **177.87** |
| ഖത്തർ റിയാൽ | **18.31** |
| ദക്ഷിണാഫ്രിക്കൻ റാൻഡ് | **4.77** |

(2016 ജൂലൈ 31 ലെ നിരക്കുകൾ പ്രകാരം ഉള്ളത്)

ഒരു യൂണിറ്റ് വിദേശ കറൻസിക്ക് തുല്യമായ ഇന്ത്യൻ രൂപയുടെ നിരക്കുകൾ

നിങ്ങളുടെ ബാങ്കിംഗ് അനുഭവം എളുപ്പവും ആസ്വാദ്യകരവും ആക്കാൻ ഞങ്ങളുടെ അടുത്ത വാർത്താ പത്രിക കാണുക. താങ്കളുടെ വിലയേറിയ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഞങ്ങളുടെ ഇ-മെയിൽ: nrihub@canarabank.com; nrihelpdesk@canarabank.com )

Disclaimer clause: The contents of this news bulletin are based on information received from various sources and while compiling every effort has been made to ensure that the information is accurate and authentic. Canara Bank does not accept any responsibility for interpretation of various rules or any errors / omissions in the news bulletin.